**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1813** **13-02-2025 - ൽ മറുപടിയ്ക്ക്**

**വൈപ്പിനിൽ നിന്നുള്ള സ്വകാര്യ ബസ്സുകളുടെ നഗര പ്രവേശനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിനിൽ നിന്നുള്ള സ്വകാര്യ ബസ്സുകളുടെ നഗര പ്രവേശനത്തിനായി ഗതാഗത വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 27.11.2023-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 27/2023/ഗതാ. പ്രകാരം സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | ഇരുപത് കെ.എസ്.ആർ.ടി.സി. ബസ്സുകൾക്കും രണ്ട് സ്വകാര്യ ബസ്സുൾക്കും പെർമിറ്റും അനുവദിക്കുകയും രണ്ട് സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് വ്യതിയാനം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കൂടാതെ, ബഹു: ഗതാഗത വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. വൈപ്പിൻ എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ, **05.02.2025**-ൽ, ചേർന്ന യോഗ തീരുമാനപ്രകാരം വൈപ്പിൻ ദ്വീപുമായി ബന്ധമുള്ള റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി.യുടെ വിവിധ യൂണിറ്റുകളിൽ നിന്നായി കാക്കനാട്, കളമശ്ശേരി മെഡിക്കൽകോളേജ്, ഫോർട്ട് കൊച്ചി, വൈറ്റില പച്ചാളം ലൂർദ്ദ് ഹോസ്പിറ്റൽ മുതലായ പ്രധാന സ്ഥലങ്ങളിലേക്ക് പുതിയതായി പത്ത് ഓർഡിനറി സർവ്വീസുകൾ ആരംഭിക്കുന്നതിനും അധികമായി ട്രിപ്പുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനും തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |
| (ബി) | സ്വകാര്യ ബസ്സുകളുടെ നഗര പ്രവേശനത്തിനുള്ള പെർമിറ്റിനായുള്ള അപേക്ഷകൾ പരിഗണിക്കുന്നതിനായി റീജണൽ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ ബോർഡ് യോഗം എത്ര തവണ ചേർന്നുവെന്നും എന്നൊക്കെയാണ് ചേർന്നതെന്നുമുള്ള വിവരം വ്യക്തമാക്കുമോ; | (ബി) | സ്വകാര്യ ബസ്സുകളുടെ നഗര പ്രവേശനത്തിനുള്ള പെർമിറ്റിനായുള്ള അപേക്ഷകൾ പരിഗണിക്കുന്നതിനായി റീജണൽ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ ബോർഡ് യോഗം രണ്ട് തവണ ചേർന്നിരുന്നു. **17.08.2024, 18.01.2025** എന്നീ തീയതികളിലായി യോഗങ്ങൾ ചേർന്നിട്ടുണ്ട്. |
| (സി) | പ്രസ്തുത യോഗങ്ങളുടെ അടിസ്ഥാനത്തിൽ ഏതൊക്കെ ബസ്സുകൾക്ക് ഏതെല്ലാം റൂട്ടുകളിലാണ് പെർമിറ്റ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | 1. നോർത്ത് പറവൂർ കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ-വൈറ്റില ഹബ്ബ് റൂട്ടിൽ പത്ത്(10) കെ.എസ്.ആർ.ടി.സി. ബസുകൾക്കും നോർത്ത് പറവൂർ കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ-കാക്കനാട് റൂട്ടിൽ പത്ത്(10) കെ.എസ്.ആർ.ടി.സി. ബസുകൾക്കും പെർമിറ്റ് നൽകിയിട്ടുണ്ട്.<br><br>2. **KL-07-BA-4149** നമ്പർ ബസ്സിന് എടവനാട്-വൈറ്റില ഹബ്ബ് റൂട്ടിലും **KL-07-AN-8181** നമ്പർ |

| | | | |
|---|---|---|---|
| | | | ബസ്സിന് ആണിയിൽ ബീച്ച്-വൈറ്റില ഹബ്ബ് റൂട്ടിലും പെർമിറ്റ് നൽകിയിട്ടുണ്ട്.<br><br>3. **KL-18-D-2221, KL-07-BA-7259** എന്നിവയ്ക്ക് ഹൈക്കോടതി കവലയിൽ നിന്നും വൈറ്റില ഹബ്ബ് വരെ പെർമിറ്റ് നീട്ടി നൽകിയിട്ടുണ്ട്. |
| (ഡി) | ഗതാഗത വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് പുതുതായി പെർമിറ്റ് നൽകിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ റൂട്ടുകളിലാണെന്ന് വ്യക്തമാക്കാമോ? | (ഡി) | ഇരുപത് കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. നോർത്ത് പറവൂർ കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ-വൈറ്റല ഹബ്ബ് റൂട്ടിൽ പത്തും നോർത്ത് പറവൂർ കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ-കാക്കനാട് റൂട്ടിൽ പത്തും വീതം കെ.എസ്.ആർ.ടി.സി. ബസുകൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ